**ക്രമപ്രശ്നം**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ബഹുമാനപ്പെട്ട സ്പീക്കർ വളരെ ഗൗരവമായി പരിശോധിക്കേണ്ട ഒരു ഭാഗം ഇതിലുണ്ട്. 'ശബരിമലയിൽ മകരവിളക്ക് തെളിയിക്കുന്നതിന് മലയരയർക്ക് നഷ്ടപ്പെട്ട അവകാശം പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്'. ഇതിലുള്ള ഒരു പ്രശ്നം, ഇതുവരെ നമ്മൾ മനസ്സിലാക്കി വന്ന ഒരു കാര്യത്തിൽ നിന്ന് നേരെ ഘടകവിരുദ്ധമായിട്ടുള്ള ഒരു കാര്യത്തിലേയ്ക്ക് കടക്കുകയാണ്. ആദ്യമായാണ് ഔപചാരികമായി മകരവിളക്ക് ആരാണ് തെളിയിക്കുന്നതെന്ന് ഈ സഭയിൽ വരുന്നത്. ഇതിന്റെ ഒരു അപകടം ബഹുമാനപ്പെട്ട സ്പീക്കർ മനസ്സിലാക്കിയിട്ടാണോ ഈ ശ്രദ്ധക്ഷണിക്കൽ അനുവദിക്കുന്നത് എന്നുള്ളതാണ് എന്റെ ഒരു സംശയം. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. മലയരയന്മാരുടെ പ്രശ്നമല്ല, ഇതുവരെ നമ്മളെല്ലാം കാത്തുസൂക്ഷിച്ച ഒരു

രഹസ്യമുണ്ട്, വസ്തുത എന്തോ ആയിക്കോട്ടെ, അത് നമ്മൾ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഔപചാരികമായി വെളിപ്പെടുത്താൻ പോവുകയാണ്.

മി. സ്പീക്കർ: ഇതിൽ അപകടമില്ലായെന്നുള്ളതുമാത്രമല്ല ഇത് ചരിത്രപരമായ ഒരു നാഴികകല്ലാണ് എന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. കാരണം, ശബരിമലയിൽ തെളിയിക്കുന്ന മകരവിളക്കിന്റെ ദർശനത്തിനുവേണ്ടി തിക്കിലും തിരക്കിലുംപെട്ട് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്ന് ശ്രീമതി സുഗതകുമാരി ഉൾപ്പെടെയുള്ള ആളുകൾ നേരത്തെ ആവശ്യപ്പെടുകയും സത്യാവസ്ഥ പലരും എഴുതുകയും ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹം അതിന് എടുത്ത മുൻകൈ ചെയർ അഭിനന്ദിക്കുകയാണ്. അദ്ദേഹം പറയട്ടെ, അതിന്റെ ഇടയിൽ ഡിബേറ്റ് ഒന്നുമില്ല. ....(ബഹളം).... ക്രമപ്രശ്നത്തിന്റെ മുകളിൽ ഒരു ക്രമപ്രശ്നമുണ്ടോ? എന്നാൽ ശ്രീ. പി. ടി. തോമസ് ഒരു വാചകം പറയട്ടെ.

ശ്രീ. പി. ടി. തോമസ്: സർ, മകരവിളക്കുമായി ബന്ധപ്പെട്ട് അത് ഉണ്ടെന്ന് പറയപ്പെടുന്ന രഹസ്യം കാത്തുസൂക്ഷിക്കണമെന്നാണോ അതോ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിനോട് യോജിക്കുകയാണോ ബഹുമാനപ്പെട്ട

മന്ത്രി? എന്താണ് അതിന്റെ മറുപടി.

മി. സ്പീക്കർ: അത് പിന്നെ തീരുമാനിക്കാം. ഇപ്പോൾ അങ്ങ് അവതരിപ്പിച്ചോളൂ.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിനോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. അത് വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ചോദിച്ചത്. ....(ബഹളം).... ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ് പ്ലീസ്.. അങ്ങ് അവതരിപ്പിക്കൂ.